*ഔദ്യോഗിക ആവശ്യത്തിന് മാത്രം*

# പൊതു തിരഞ്ഞെടുപ്പ് - 2020

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

കേരളം

2020

ഔദ്യോഗിക ആവശ്യത്തിന് മാത്രം

# പൊതു തിരഞ്ഞെടുപ്പ് - 2020

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

**സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**

**കേരളം**

**2020**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ
നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന
മാർഗ്ഗനിർദ്ദേശങ്ങൾ

പ്രസിദ്ധീകരിക്കുന്നത്

**കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ**
വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം - 695033

കോപ്പികൾ - 1,000
കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, 2020

# തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സംവരണ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ

## I. സംവരണ സ്ഥാനങ്ങളുടെ എണ്ണം സർക്കാർ നിശ്ചയിക്കുന്നു.

(എ) ഭരണഘടനാവ്യവസ്ഥകളും കേരള പഞ്ചായത്ത് രാജ് ആക്ടിലെ 7(3), 8(3), 9(3) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(5) വകുപ്പും അനുസരിച്ച് ഓരോ തദ്ദേശ സ്ഥാപന ത്തിലെയും പട്ടികജാതി/പട്ടികവർഗ്ഗ ക്കാരുടെ ജനസംഖ്യക്ക് ആനുപാതികമായി നിശ്ചിത എണ്ണം സ്ഥാനങ്ങൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി സംവരണം ചെയ്തു കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ബി) കേരള പഞ്ചായത്ത് രാജ് ആക്ടിലെ 7(6), 8(6), 9(6) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(7) വകുപ്പും പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ 50% (ഭിന്നസംഖ്യ വരുന്ന സംഗതിയിൽ തൊട്ടടുത്തുള്ള ഉയർന്ന പൂർണ്ണസംഖ്യയായി നിജപ്പെടുത്തി ക്കൊണ്ട്) എണ്ണം സ്ഥാനങ്ങൾ സ്ത്രീകൾക്കുവേണ്ടി സംവരണം ചെയ്തുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(സി) പട്ടികജാതി/പട്ടിക വർഗ്ഗക്കാർക്ക് സംവരണം ചെയ്ത സ്ഥാനങ്ങളുടെ 50% എണ്ണം സ്ഥാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് 7(5), 8(5), 9(5) വകുപ്പുകളും കേരള മുനിസിപ്പാലിറ്റി ആക്ട് 6(6) വകുപ്പും പ്രകാരം പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കുവേണ്ടിയും സംവരണം ചെയ്തിരിക്കുന്നു. **പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്ക് സംവരണം ചെയ്ത എണ്ണം സ്ഥാനങ്ങൾ സ്ത്രീകൾക്ക് സംവരണം ചെയ്ത 50% സ്ഥാനങ്ങളിൽ ഉൾപ്പെടുന്നതാണ്.**

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗസ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നിങ്ങനെ അഞ്ച് വിഭാഗങ്ങൾക്ക് വേണ്ടിയാണ് ഒരു തദ്ദേശസ്ഥാപനത്തിലെ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കേണ്ടത്.

(ഇ) ഓരോ തദ്ദേശസ്ഥാപനത്തിനും മേൽപ്പറഞ്ഞ പ്രകാരം സംവരണസ്ഥാനങ്ങളുടെ എണ്ണം നിശ്ചയിച്ചു കൊണ്ട് മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ കേരള സർക്കാരും ത്രിതല പഞ്ചായത്തുകളുടെ കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടറും വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുന്നതാണ്.മേൽപ്രകാരം സംവരണം ചെയ്ത സ്ഥാനങ്ങൾ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനോ അത് അധികാരപ്പടുത്തിയ ഉദ്യോഗസ്ഥനോ ആ പഞ്ചായത്ത് പ്രദേശത്തെ വിവിധ നിയോജക മണ്ഡലങ്ങൾക്ക് / മുനിസിപ്പൽ പ്രദേശത്തെ വിവിധ വാർഡുകളിലേക്ക് ആവർത്തനക്രമമനുസരിച്ച് നീക്കിവയ്ക്കേണ്ടതാണ്.

## II. സംവരണ മണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് കമ്മീഷൻ തീരുമാനിക്കുന്നു.

ഓരോ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലും സർക്കാർ വിജ്ഞാപനപ്രകാരം നിശ്ചയിച്ച അത്രയും എണ്ണം സംവരണ നിയേജകമണ്ഡലങ്ങൾ/വാർഡുകൾ കണ്ടെത്തേണ്ട ചുമതല കമ്മീഷനാണ്. സംവരണം ചെയ്ത വാർഡുകൾ പൊതുതിരഞ്ഞെടുപ്പിന് മുൻപ് ആവർത്തനക്രമത്തിലൂടെയാണ് (Rotation)കമ്മീഷൻ നിശ്ചയിക്കുന്നത്. നിലവിൽ സംവരണ വാർഡുകൾ ആയിരുന്നവ വരുന്ന പൊതുതിരഞ്ഞെടുപ്പിൽ അതേ വിഭാഗത്തിന് സംവരണ വാർഡുകൾ ആകാതിരിക്കുന്നതിനാണ് ആവർത്തനക്രമം പാലിക്കുന്നത്.



ഇപ്രകാരം സംവരണമണ്ഡലങ്ങൾ കണ്ടെത്തുന്നതിന് കമ്മീഷൻ ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെ കാര്യത്തിൽ അതാത് ജില്ലാ കളക്ടർമാരെയും മുനിസിപ്പൽ കൗൺസിലുകളുടെ കാര്യത്തിൽ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരേയും മുനിസിപ്പൽ കോർപ്പറേഷന്റെ കാര്യത്തിൽ നഗരകാര്യ ഡയറക്ടറെയുമാണ് അധികാരപ്പെടുത്തിയിട്ടുള്ളത്.

കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10(2 എ) വകുപ്പ് പ്രകാരം ഓരോ തദ്ദേശസ്ഥാപനത്തിലെയും സംവരണമണ്ഡലങ്ങൾ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം വഴി നിശ്ചയിച്ച് അറിയിക്കുന്നു. ഇപ്രകാരം നിശ്ചയിച്ച തീയതിലും സമയത്തും സ്ഥലത്തും വച്ച് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഇതു സംബന്ധിച്ച അനുബന്ധം VIII മുതൽ X വരെ യുള്ള ഫോറത്തിൽ അറിയിപ്പ് നൽകിയശേഷം സംവരണമണ്ഡലങ്ങൾ ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

## III. “ആവർത്തനക്രമം (Rotation) പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുക” എന്നത് കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത് ?

ഒരു പൊതു തിരഞ്ഞെടുപ്പിൽ സംവരണം ചെയ്യേണ്ട നിയോജകമണ്ഡലങ്ങൾ കണ്ടെത്തുന്നതിന് നിലവിൽ സംവരണ നിയോജകമണ്ഡലങ്ങളായിരുന്നവയെ ഒഴിവാക്കിയും ശേഷിച്ച മണ്ഡലങ്ങളെ ഉൾപ്പെടുത്തിയും നറുക്ക് തയാറാക്കേണ്ടതാണ് സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടിക വർഗ്ഗസ്ത്രീ,പട്ടികജാതി,പട്ടികവർഗ്ഗം എന്നീ ക്രമത്തിൽ ഏത് നിയോജകമണ്ഡലത്തിന്റെ പേരാണോ നറുക്കെടുക്കുന്നത് അതിനെ ബന്ധപ്പെട്ട സംവരണ മണ്ഡലമായി തീരുമാനിക്കുകയും ചെയ്യുന്ന രീതിയെയാണ് “ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പിലൂടെ തീരുമാനിക്കുക” എന്നത് കൊണ്ട് ഉദ്ദേശിക്കുന്നത്.

ഒരു നിയോജകമണ്ഡലം തുടർച്ചയായി ഏതെങ്കിലും ഒരു വിഭാഗത്തിനുതന്നെ സംവരണമായി വരുന്നത് തടയുക എന്ന ഉദ്ദേശത്തോടെയാണ് ഓരോ പൊതുതിരഞ്ഞെടുപ്പിനുമുൻപും ഇപ്രകാരം ആവർത്തനക്രമം പാലിച്ച് നറുക്കെടുപ്പ് നടത്തുന്നത്.

## IV. നിലവിലുള്ള സ്ഥാനങ്ങളുടെ എണ്ണം വരുന്ന തിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനങ്ങളിലും ഡിലിമിറ്റേഷനിലൂടെ നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളിലും സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് വ്യത്യസ്ഥ നടപടിക്രമമാണ് കമ്മീഷൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻമാർ സ്വീകരിക്കേണ്ടത്.

**എ. നിലവിലുള്ള സ്ഥാനങ്ങളുടെ എണ്ണം വരുന്ന തിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനങ്ങളിൽ സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ.(2020-ലെ പൊതു തിരഞ്ഞെടുപ്പിന് ബാധകമായത്)**

(i) ഇതിലേക്ക് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ഒരു തദ്ദേശസ്ഥാപനത്തിലെ സംവരണവിവരം തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും അനുബന്ധം 1 ൽ ശേഖരിക്കണം.

(ii) നിലവിൽ സംവരണ മണ്ഡലങ്ങളായിരുന്നവയെ ഒഴിവാക്കിക്കൊണ്ടായിരിക്കണം വരുന്ന തിരഞ്ഞെടുപ്പിലെ സംവരണമണ്ഡലങ്ങളെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ നിശ്ചയിക്കേണ്ടത്.

(iii) ഒരു തദ്ദേശസ്ഥാപനത്തിലെ 50% മണ്ഡലങ്ങൾ സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെടുന്നതിനാൽ അംഗസംഖ്യ ഒറ്റസംഖ്യയായിട്ടുള്ള തദ്ദേശസ്ഥാപനങ്ങളിൽ നിലവിലെ എല്ലാ സ്ത്രീസംവരണ മണ്ഡലങ്ങളും 2020 ലെ തിരഞ്ഞെടുപ്പിലെ സംവരണത്തിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ല. ഇത്തരം സന്ദർഭങ്ങളിൽ 2020-ലെ സ്ത്രീസംവരണ മണ്ഡലങ്ങളുടെ എണ്ണം തികയാൻ കൂടുതൽ ആവശ്യമായിവരുന്ന ഒരു നിയോജകമണ്ഡലത്തെ കണ്ടെത്താൻ, 2015-ലെ സ്ത്രീസംവരണ നിയോജകമണ്ഡലങ്ങളിൽ നിന്നും 2015 ൽ 50% സ്ത്രീസംവരണം നൽകുന്നതിനുവേണ്ടി അധികമായി നറുക്കിലൂടെ കണ്ടെത്തിയ നിയോജക മണ്ഡലത്തെ ഒഴിവാക്കി (പട്ടിക എ കോളം 4(ബി)) ബാക്കിയുള്ള നിയോജക മണ്ഡലങ്ങളിൽ നിന്നും നറുക്കിട്ടെടുക്കേണ്ടതാണ്. അതുപോലെ തന്നെ 2015-ലെ പട്ടികജാതി പട്ടികവർഗ്ഗ മണ്ഡലങ്ങൾക്ക് പുറമേ 2010-ലെയും പട്ടികജാതി പട്ടികവർഗ്ഗ മണ്ഡലങ്ങളെയും ഒഴിവാക്കി വേണം 2020-ലെ പട്ടികജാതി പട്ടികവർഗ്ഗ നിയോജകമണ്ഡലങ്ങൾ നിശ്ചയിക്കാൻ (പട്ടിക എ കോളം 4(ബി), 4(സി), 4(ഡി)). ഇതിന്, 2010ലും 2015-ലും ഏത് വിഭാഗത്തിനാണോ ആ മണ്ഡലം സംവരണം ചെയ്യപ്പെട്ടിരുന്നത് ആ വിഭാഗത്തെ ഒഴിവാക്കി വേണം നറുക്കെടുപ്പ് നടത്തേണ്ടത്. അതായത്, 2010-ലും 2015-ലും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനായി (സ്ത്രീകൾ ഉൾപ്പെടെ) നിലവിൽ സംവരണം ചെയ്തിട്ടുള്ള മണ്ഡലങ്ങൾ വീണ്ടും ആ വിഭാഗത്തിന് സംവരണം ചെയ്യാൻ പാടില്ല.

മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ സ്ഥാനങ്ങളുടെ എണ്ണം വരുന്ന തിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന ഒരു തദ്ദേശസ്ഥാപനത്തെ സംബന്ധിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് എപ്രകാരം പ്രാവർത്തികമാക്കാമെന്ന് താഴെപ്പറയുന്ന ഉദാഹരണത്തിലൂടെ വ്യക്തമാക്കാം .

ഉദാഹരണം :- അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തദ്ദേശസ്ഥാപന സെക്രട്ടറിയിൽ നിന്നും അനുബന്ധം 1 ൽ ലഭിച്ച 2010-ലെയും 2015 ലെയും സംവരണ വിവരം താഴെ പറയുന്ന പ്രകാരമാണ്.



**X - പഞ്ചായത്ത്**

**2010, 2015 എന്നീ വർഷങ്ങളിലെ സംവരണമണ്ഡലങ്ങൾ**

<table>
<tr><th>വാർഡ് നമ്പർ</th><th>2010</th><th>2015</th><th>2020 ലെ തിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും ആദ്യം ഒഴിവാക്കേണ്ട മണ്ഡലങ്ങൾ</th></tr>
<tr><td>1</td><td>S/C-W</td><td>G</td><td rowspan="15">(എ) (സ്ത്രീ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ)<br>2<br>3<br>4<br>6<br>8<br>11<br>13<br>14<br>(ബി) 2015-ൽ 50% സ്ത്രീ സംവരണം നൽകുന്നതിനുവേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ മണ്ഡലമായതിനാൽ ഒഴിവാക്കേണ്ടവ*<br>(അനുബന്ധം 1 കോളം (4))<br>14**<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>1<br>6<br>9<br>11<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>13<br>15</td></tr>
<tr><td>2</td><td>G</td><td>W</td></tr>
<tr><td>3</td><td>G</td><td>W</td></tr>
<tr><td>4</td><td>G</td><td>W</td></tr>
<tr><td>5</td><td>W</td><td>G</td></tr>
<tr><td>6</td><td>G</td><td>S/C-W</td></tr>
<tr><td>7</td><td>W</td><td>G</td></tr>
<tr><td>8</td><td>G</td><td>W</td></tr>
<tr><td>9</td><td>W</td><td>S/C</td></tr>
<tr><td>10</td><td>W</td><td>G</td></tr>
<tr><td>11</td><td>S/C</td><td>W</td></tr>
<tr><td>12</td><td>W</td><td>G</td></tr>
<tr><td>13</td><td>S/T</td><td>W</td></tr>
<tr><td>14**</td><td>W</td><td>W</td></tr>
<tr><td>15</td><td>W</td><td>S/T</td></tr>
</table>

Women-50% = 8 (including S/C-W)
S/C = 2 ( including one W)
ST = 1 ( S/T - W Nil)

*ആകെ സ്ഥാനങ്ങളുടെ എണ്ണം ഒറ്റസംഖ്യ വരുന്ന തദ്ദേശസ്ഥാപനങ്ങൾക്കുമാത്രം ബാധകം

**2010,2015 വർഷങ്ങളിൽ സ്ത്രീ സംവരണം ആവർത്തിച്ചുവരുന്ന മണ്ഡലം

**നറുക്കെടുപ്പിന് മുൻപ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മേൽവിവരങ്ങൾ ഉൾപ്പെടുത്തി ചുവടെയുള്ള പട്ടിക എ യുടെ കോളങ്ങൾ - 1,2,3,4 -പൂരിപ്പിക്കേതാണ് അതിനുശേഷം ചുവടെ പട്ടിക എ യിലെ അതത് കോളങ്ങളിൽ പറയുന്നപ്രകാരം നിയോജകമണ്ഡങ്ങളെ ഒഴിവാക്കിയും നറുക്കെടുപ്പ് നടത്തിയും വരുന്ന തിരഞ്ഞെടുപ്പിലെ സംവരണ നിയോജകമണ്ഡലങ്ങളെ കത്തൊവുന്നതാണ്.**

# പട്ടിക-എ

## സ്ഥാനങ്ങളുടെ എണ്ണം മാറ്റമില്ലാതെ തുടരുന്നതദ്ദേശ സ്ഥാപനത്തിൽ 2020 ൽ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നവിധം

തദ്ദേശസ്ഥാപനത്തിന്റെ പേര് : X ജില്ല : Z

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | 2010 ലെ സംവരണ വിവരം | 2015 ലെ സംവരണ വിവരം | 2020 ലെ തിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും ആദ്യം ഒഴിവാക്കേണ്ട മണ്ഡലങ്ങൾ* | 2020 ലെ തിരഞ്ഞെടുപ്പിൽ 50% സ്ത്രീ സംവരണത്തിന് ആദ്യം കണ്ടെത്തിയ നിയോജകമണ്ഡലങ്ങൾ ** | (ബാധകമായിടത്തു മാത്രം) കോളം 5 പ്രകാരം 50% സ്ത്രീ സംവരണം നൽകുന്നതിന് അധികമായി കണ്ടെത്തിയ 1 നിയോജകമണ്ഡലം (കോളം 4(എ) യിൽ നിന്നും കോളം 4(ബി) ഒഴിവാക്കിയതിനുശേഷമുള്ളതിൽ നിന്നുള്ള നറുക്കെടുപ്പ്) *** | പട്ടികജാതി സ്ത്രീ സംവരണം -1 ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്ന് കോളം 4(സി) ഒഴിവാക്കിയതിനുശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സ്ത്രീ സംവരണം - 0 ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്നും കോളം 4(ഡി) ഒഴിവാക്കിയതിനുശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികജാതി സംവരണം - 1 ഇത് കണ്ടെത്തുന്നതിന് കോളം 4(എ)യിൽ നിന്നും കോളം 4(സി)+6 ഒഴിവാക്കിയതിനുശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സംവരണം - 1 ഇത് കണ്ടെത്തുന്നതിന് കോളം 4(എ) യിൽ നിന്നും കോളം 4(ഡി) +6+9 ഒഴിവാക്കിയതിനുശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| 1 | S/C-W | G | (എ) (സ്ത്രീ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ)<br>2<br>3<br>4<br>6<br>8<br>11<br>13<br>14<br>(ബി) 2015-ൽ 50% സ്ത്രീ സംവരണം നൽകുന്നതിനു വേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ മണ്ഡലമായതിനാൽ ഒഴിവാക്കേണ്ടവ***<br>(അനുബന്ധം 1 കോളം 4)<br>14<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>1<br>6<br>9<br>11<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>13<br>15 | 1<br>5<br>7<br>9<br>10<br>12<br>15 | 3 | 10 | # 0 | 13 | 14 |
| 2 | G | W | | | | | | | |
| 3 | G | W | | | | | | | |
| 4 | G | W | | | | | | | |
| 5 | W | G | | | | | | | |
| 6 | G | S/CW | | | | | | | |
| 7 | W | G | | | | | | | |
| 8 | G | W | | | | | | | |
| 9 | W | S/C | | | | | | | |
| 10 | W | G | | | | | | | |
| 11 | S/C | W | | | | | | | |
| 12 | W | G | | | | | | | |
| 13 | ST | W | | | | | | | |
| 14 | W | W | | | | | | | |
| 15 | W | ST | | | | | | | |

**NB**. ഓരോ നറുക്കെടുപ്പിന് ശേഷവും അതാത് സംഗതിപോലെ കോളം (4) ലെയും (5) ലെയും നറുക്കെടുക്കപ്പെട്ട നമ്പറുകൾ വെട്ടിക്കളയുക.

*2015 ലെ സ്ത്രീസംവരണമണ്ഡലങ്ങളും 2010,2015 എന്നീ വർഷങ്ങളിലെ SC, ST സംവരണമണ്ഡലങ്ങളും

**2015 ൽ സ്ത്രീ സംവരണമണ്ഡലങ്ങൾ അല്ലാതായിരുന്നവ

***ആകെ സ്ഥാനങ്ങളുടെ എണ്ണം ഒറ്റ നമ്പർ വരുന്നിടത്തുമാത്രം ബാധകം

# ഈ തദ്ദേശഭരണ സ്ഥാപനത്തിൽ പട്ടികവർഗ്ഗത്തിന് ഒരു സ്ഥാനം മാത്രമേ ഉള്ളു എന്നതിനാൽ പട്ടികവർഗ്ഗസ്ത്രീ സംവരണമില്ല

ഒപ്പ്

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

# പട്ടിക-എ (I)

## പട്ടിക-എ പ്രകാരം 2020 ലേക്ക് നിശ്ചയിച്ച സംവരണ മണ്ഡലങ്ങൾ

| സ്ത്രീസംവരണ നിയോജകമണ്ഡലങ്ങൾ | | |
|---|---|---|
| W (Col. 5 & 6) | SC-W (Col. 7) | ST-W (Col. 8) |
| 1<br>3<br>5<br>7<br>9<br>10<br>12<br>15 | 10 | 0 |

| മറ്റ് നിയോജകമണ്ഡലങ്ങൾ | | |
|---|---|---|
| SC (Col. 9) | ST (Col. 10) | G (Col.4(എ) ൽ നിന്നും Col. 6,9,10 ഒഴികെയുള്ളവ) |
| 13 | 14 | 2<br>4<br>6<br>8<br>11 |

**ബി. ഡിലിമിറ്റേഷനിലൂടെ നിലവിലുള്ള നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളിൽ സംവരണനിയോജകമണ്ഡലങ്ങൾ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ.**

**(2020 -ൽ വാർഡ് ഡിലിമിറ്റേഷൻ ഇല്ലാത്തതിനാൽ ഇത് ബാധകമല്ല.)**

(i) ഇതിലേക്ക് , അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നിലവിലുള്ള സംവരണനിയോജകമണ്ഡലത്തിന്റെ 50% ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ നിയോജകമണ്ഡലത്തിന്റെ വിവരം തദ്ദേശസ്ഥാപനത്തിലെ സെക്രട്ടറിയിൽ നിന്നും അനുബന്ധം II ൽ ശേഖരിക്കണം.

(ii) നിലവിലുള്ള സംവരണനിയോജകമണ്ഡലത്തിന്റെ 50% ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊണ്ട പുതിയ നിയോജകമണ്ഡലത്തെ (അനുബന്ധം II കോളം-7) നിലവിലുള്ള സംവരണനിയോജകമണ്ഡലമായി കണക്കാക്കി നറുക്കെടുപ്പിൽനിന്നും ആദ്യം ഒഴിവാക്കേണ്ടതാണ്. എന്നാൽ 50% ൽ താഴെ ജനസംഖ്യ ഉൾക്കൊള്ളുന്ന നിയോജകമണ്ഡലങ്ങളെ നറുക്കെടുപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

(iii) ഒരു തദ്ദേശസ്ഥാപനത്തിലെ 50% മണ്ഡലങ്ങൾ സ്ത്രീസംവരണ മണ്ഡലങ്ങളായി വരുമ്പോൾ അംഗസംഖ്യ ഒറ്റസംഖ്യയായിട്ടുള്ള തദ്ദേശസ്ഥാപനങ്ങളിൽ നിലവിലെ എല്ലാ സ്ത്രീസംവരണ മണ്ഡലങ്ങളും വരുന്ന തിരഞ്ഞെടുപ്പിലെ സംവരണത്തിൽ ഒഴിവാക്കാൻ കഴിയില്ല. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സംവരണ മണ്ഡലങ്ങളുടെ എണ്ണം തികയാൻ കൂടു

തൽ ആവശ്യമായിവരുന്ന നിയോജകമണ്ഡലത്തെ മുൻ തവണ സംവരണനിയോജകമണ്ഡലങ്ങളായി കണക്കാക്കി നേരത്തെ ഒഴിവാക്കിയവയിൽ നിന്നും നറുക്കിട്ടെടുത്ത് തീരുമാനിക്കേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ മുൻ തിരഞ്ഞെടുപ്പ് വർഷങ്ങളിൽ നറുക്കിലൂടെ ആവർത്തിച്ചു വന്ന സ്ത്രീസംവരണ നിയോജക മണ്ഡലം ഉണ്ടെങ്കിൽ അവയെ ഒഴിവാക്കിയും കൂടാതെ മുൻ തിരഞ്ഞെടുപ്പ് വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള മണ്ഡലങ്ങൾ വീണ്ടും അതത് വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെടാതിരിക്കുന്നതിന് അപ്രകാരമുള്ള മണ്ഡലങ്ങളെ ഒഴിവാക്കിയും വേണം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പ് നടത്തേണ്ടത്.

(iv) മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ ഡിലിമിറ്റേഷനിലൂടെ നിലവിലുള്ള നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിക്കേണ്ട തദ്ദേശസ്ഥാപനത്തെ സംബന്ധിച്ച് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് എപ്രകാരം പ്രവർത്തിക്കാമെന്നത് താഴെപ്പറയുന്ന ഉദാഹരണത്തിലൂടെ വ്യക്തമാക്കാം.

<u>ഉദാഹരണം-</u>

Y പഞ്ചായത്ത് - ഡിലിമിറ്റേഷന് ശേഷം വിജ്ഞാപനം ചെയ്ത സ്ഥാനങ്ങൾ

**സ്ത്രീ സംവരണ സ്ഥാനങ്ങൾ**

| W | SCW | STW |
|---|---|---|
| 7 | 1 | 0 |

**മറ്റ് സ്ഥാനങ്ങൾ**

| SC | ST | G |
|---|---|---|
| 1 | 1 | 5 |

നറുക്കെടുപ്പിനു മുൻപ് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് തദ്ദേശസ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്നും അനുബന്ധം II ൽ ലഭിച്ച വാർഡുകളിലെ നിലവിലെ സംവരണവിവരവും വിശദാംശങ്ങളും ചുവടെ പട്ടിക ബി യുടെ കോളം 1 മുതൽ 5 വരെ കൃത്യമായി ചേർക്കാവുന്നതാണ്. തുടർന്ന് കോളം 6 മുതൽ 11 വരെയുള്ള സ്ഥാനങ്ങളിലേക്ക് ഒന്നൊന്നായി അതത് കോളങ്ങളിലെ നിർദ്ദേശപ്രകാരം നറുക്കെടുപ്പ് നടത്താവുന്നതാണ്.



# പട്ടിക-ബി

## ഡിലിമിറ്റേഷനിലൂടെ നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളിൽ സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നവിധം#

തദ്ദേശസ്ഥാപനത്തിന്റെ പേര് : Y     ജില്ല : Z

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | 2010 ലെ സംവരണ വിവരം * | പുനർ രൂപീകരിച്ച നിയോജക മണ്ഡലങ്ങളിലെ നിലവിലുള്ള സംവരണ വിവരം. ** | ഡിലിമിറ്റേഷനു ശേഷം നിലവിലെ സംവരണനിയോജകമണ്ഡലമായി കണക്കാക്കി നറുക്കെടുപ്പിൽ നിന്നും ആദ്യം ഒഴിവാക്കപ്പെട്ട പുതിയ നിയോജക മണ്ഡലങ്ങൾ *** | ഡിലിമിറ്റേഷനു ശേഷം പുനർരൂപീകരിച്ച നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും | സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങൾ കോളം 5 ൽ നിന്നും കോളം 4(എ) ഒഴിവാക്കിയതിനു ശേഷമുള്ളവ | (ബാധകമായിടത്തുമാത്രം) കോളം 6 പ്രകാരം 50% സ്ത്രീ സംവരണം നൽകുന്നതിന് അധികമായി കണ്ടെത്തേണ്ട നിയോജകമണ്ഡലം -1 ഇത് കണ്ടെത്തുന്നതിന് കോളം 4(എ)ൽ നിന്ന് 4(ബി) ഒഴിവാക്കിയ ശേഷമുള്ള നറുക്കെടുപ്പ് | പട്ടികജാതി സ്ത്രീ സംവരണമണ്ഡലം 1 എണ്ണം, ഇത് കണ്ടെത്തുന്നതിന് കോളം 6 +7 ൽ നിന്നും കോളം 4(സി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സ്ത്രീ സംവരണ മണ്ഡലം -ഇല്ല ഇത് കണ്ടെത്തുന്നതിന് കോളം 6+7ൽ നിന്നും കോളം 4(ഡി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികജാതി സംവരണ മണ്ഡലം 1 എണ്ണം, ഇത് കണ്ടെത്തുന്നതിന് കോളം 4 (എ)ൽ നിന്നും കോളം 4(സി)+7 ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സംവരണ മണ്ഡലം-1 ഇത് കണ്ടെത്തുന്നതിന് കോളം 4(എ) ൽ നിന്നും കോളം 4(ഡി)+7+10 ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| 1 | S/C-W | G | (എ) സ്ത്രീ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>2<br>3<br>4<br>6<br>8<br>11<br>13<br>14<br>(ബി) നിലവിൽ 50% സ്ത്രീ സംവരണം നൽകുന്നതിനു വേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ മണ്ഡലമായതിനാൽ ഒഴിവാക്കപ്പെട്ടവ.<br>14<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>1<br>6<br>9<br>11<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>13<br>15 | 1 | 1<br>5<br>7<br>9<br>10<br>12<br>15 | 8 | 7 | ഇല്ല | 14 | 6 |
| 2 | G | W | | 2 | | | | | | |
| 3 | G | W | | 3 | | | | | | |
| 4 | G | W | | 4 | | | | | | |
| 5 | W | G | | 5 | | | | | | |
| 6 | G | S/CW | | 6 | | | | | | |
| 7 | W | G | | 7 | | | | | | |
| 8 | G | W | | 8 | | | | | | |
| 9 | W | S/C | | 9 | | | | | | |
| 10 | W | G | | 10 | | | | | | |
| 11 | S/C | W | | 11 | | | | | | |
| 12 | W | G | | 12 | | | | | | |
| 13 | S/T | W | | 13 | | | | | | |
| 14 | W | W | | 14 | | | | | | |
| 15 | W | S/T | | 15 | | | | | | |

**NB.** ഓരോ നറുക്കെടുപ്പിന് ശേഷവും അതാത് സംഗതിപോലെ കോളം 4 ലെയും 6 ലെയും നറുക്കെടുക്കപ്പെട്ട നമ്പറുകൾ വെട്ടിക്കളയുക.

* അനുബന്ധം II കോളം 8 പ്രകാരം

**അനുബന്ധം II കോളം 7 പ്രകാരം

***2015-ലെ സ്ത്രീസംവരണമണ്ഡലങ്ങളും 2010,2015 എന്നീ വർഷങ്ങളിലെ SC/ST സംവരണമണ്ഡലങ്ങളും

\# ഈ തദ്ദേശ ഭരണ സ്ഥാപനത്തിൽ ഡീലിമിറ്റേഷനിൽ വാർഡുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടില്ലാത്തതാണ്.

# പട്ടിക-ബി (1)

### പട്ടിക-ബി പ്രകാരം നിശ്ചയിച്ച സംവരണമണ്ഡലങ്ങൾ

| സ്ത്രീസംവരണ നിയോജകമണ്ഡലങ്ങൾ | | |
|---|---|---|
| W (Col. 6 &7) | SC-W (Col. 8) | ST-W (Col. 9) |
| 1<br>5<br>7<br>8<br>9<br>10<br>12<br>15 | 7 | ഇല്ല |

| മറ്റ് നിയോജകമണ്ഡലങ്ങൾ | | |
|---|---|---|
| SC (Col. 10) | ST (Col. 11) | G (Col. 4(എ)യിൽ നിന്നും കോളം 7,10,11 എന്നിവ ഒഴിവാക്കിയതിനുശേഷമുള്ളവ) |
| 14 | 6 | 2<br>3<br>4<br>11<br>13 |

## നറുക്കെടുപ്പ് നടത്തേ രീതി

നറുക്കെടുപ്പിന് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നതിനും നിലവിലെ സംവരണ മണ്ഡലങ്ങൾ ഒഴിവാക്കി വരുന്ന തിരഞ്ഞെടുപ്പിലെ സംവരണ മണ്ഡലങ്ങൾ കത്തെുന്നതിനും ശേഷിച്ച സംവരണ മണ്ഡലങ്ങൾ നറുക്കെടുപ്പിലൂടെ കത്തെുന്നതിനും നറുക്കെടുപ്പിന്റെ പുരോഗതി രേഖപ്പെടുത്തുന്നതിനും ഇതോടൊപ്പം അനുബന്ധം III ഉം IV ഉം ചേർത്തിട്ടു്. നിലവിലുള്ള സ്ഥാനങ്ങളുടെ എണ്ണം വരുന്ന തിരഞ്ഞെടുപ്പിലും മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനത്തിലെ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് അനുബന്ധം III ഉം ഡിലിമിറ്റേഷനിലൂടെ നിലവിലുള്ള നിയോജക മണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനത്തിലെ സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നതിന് അനുബന്ധം IV ഉം മാതൃകയിൽ ഓരോ തദ്ദേശസ്ഥാപനത്തിനും വേ ി രജിസ്റ്റർ തയ്യാറാക്കേ താണ്. മുകളിൽ എ ബി ഖണ്ഡികകളിലെ എ . ബി പട്ടികകളുടെ മാതൃകകൾ പരിശോധിച്ച് യഥാക്രമം അനുബന്ധം III ലും IV ലും നറുക്കെടുപ്പിന് മുൻപും നറുക്കെടുപ്പ് വേളയിലും ആവശ്യമായ രേഖപ്പെടുത്തൽ നടത്തുന്നത് സംവരണ മണ്ഡലങ്ങൾ കത്തെുന്നതിന് സഹായകരമാണ്. താഴെയുള്ള നിർദ്ദേശങ്ങൾ ശ്രദ്ധിക്കുക.

❖ അനുബന്ധം III ൽ കോളം 1 മുതൽ 4 വരെയും അനുബന്ധം IV ൽ 1 മുതൽ 5 വരെയുമുളള കോളങ്ങളിലെ വിവരങ്ങൾ അനുബന്ധം I,II എന്നിവപ്രകാരം നറുക്കെടുപ്പിനു മുൻപേ തന്നെ തയാറാക്കി വയ്ക്കാവുന്നതാണ്.



❖ സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടികവർഗ്ഗം എന്നീ ക്രമത്തിലാണ് നറുക്കെടുപ്പ് നടത്തേത്.

❖ നറുക്കെടുപ്പ് നടത്തുമ്പോൾ മേൽപ്പറഞ്ഞ ഏത് സംവരണ സ്ഥാനത്തേക്കാണ് നറുക്കെടുപ്പ് നടത്തുന്നതെന്നും പ്രസ്തുത നറുക്കെടുപ്പിൽ ഏതൊക്കെ നിയോജകമണ്ഡലങ്ങളെ ഉൾപ്പെടുത്താമെന്നും ഏതൊക്കെ നിയോജകമണ്ഡലങ്ങളെ ഒഴിവാക്കാമെന്നും അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് ബോദ്ധ്യം ഉായിരിക്കേതാണ്.

❖ നറുക്കെടുപ്പിന് മുന്നോടിയായി ഓരോ നറുക്കെടുപ്പിലും ഉൾപ്പെടുത്തേ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും ഒരേ വലിപ്പവും നിറവുമുള്ള കടലാസിൽ ഓരോന്നായി എഴുതണം. അവ ഉറക്കെ വായിച്ചശേഷം ഒരുപോലെ വെവ്വേറെ ചുരുട്ടി അടപ്പുള്ള ഒരു ടിന്നിലോ പാത്രത്തിലെ ഇട്ട് അടക്കണം.

❖ പാത്രം നല്ലപോലെ കുലുക്കിയശേഷം ഏതുവിഭാഗം സംവരണസ്ഥാനത്തേക്കാണോ നറുക്കെടുപ്പ് നടത്തുന്നതെന്ന് ഉച്ചത്തിൽ അറിയിച്ചശേഷം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ തന്നെ നറുക്കെടുത്ത് നിയോജകമണ്ഡലത്തിന്റെ നമ്പരും പേരും ഉച്ചത്തിൽ പ്രഖ്യാപിക്കണം.

❖ അതിനുശേഷം ആ വിവരം രജിസ്റ്ററിലും അതത് സംഗതിപോലെ അനുബന്ധം III ന്റെയോ അനുബന്ധം IV ന്റെയോ പ്രസക്തമായ കോളത്തിൽ എഴുതിച്ചേർക്കുകയും വേണം.

❖ അതിനുശേഷം അടുത്ത നറുക്കെടുപ്പിൽ ഈ മണ്ഡലത്തെ ഒഴിവാക്കി നറുക്കെടുപ്പ് നടത്തുന്നതിനായി അതാത് സംഗതിപോലെ, അനുബന്ധം IIIന്റെ കോളം(4)ലും(5) ലും അനുബന്ധം IVന്റെ കോളം (4)ലും 6)ലും ഈ മണ്ഡലത്തിന്റെ നമ്പർ വെട്ടിക്കളയേതുമാണ്. അതുപോലെ തന്നെ ഓരോ സംവരണ വിഭാഗത്തിന്റെ നറുക്കെടുപ്പിനും മുന്നോടിയായി പ്രസ്തുത നറുക്കെടുപ്പിൽ നിന്നും ഒഴിവാക്കേ മണ്ഡലങ്ങളുടെ വിവരം കോളം (4) ൽ സൂചിപ്പിച്ചിട്ടുള്ളതും പ്രത്യേകം ശ്രദ്ധിക്കേതാണ്.

❖ അപ്രകാരം എല്ലാ സംവരണ മണ്ഡലങ്ങളും നിശ്ചയിക്കുന്നതുവരെ നറുക്കെടുപ്പ് തുടരണം.

❖ നറുക്കെടുപ്പ് പൂർത്തിയായി രജിസ്റ്ററിൽ എഴുതിച്ചേർത്തശേഷം ബന്ധപ്പെട്ട ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ/ നഗരകാര്യ ഡയറക്ടർ/ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ രജിസ്റ്ററിൽ ഒപ്പ് വയ്ക്കണം.

ഒരു ദിവസത്തെ നറുക്കെടുപ്പ് പൂർത്തിയായിക്കഴിഞ്ഞാൽ അന്ന് നറുക്കെടുപ്പ് നടത്തിയ പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിൽ സ്ത്രീ സംവരണം, പട്ടികജാതി സ്ത്രീ സംവരണം, പട്ടികവർഗ്ഗ സ്ത്രീ സംവരണം, പട്ടികജാതി സംവരണം, പട്ടികവർഗ്ഗ സംവരണം, സംവരണമില്ലാത്തവ എന്നീ നിയോജകമണ്ഡലങ്ങൾ ഏതൊക്കെയാണെന്ന് നിശ്ചയിച്ചുകൊണ്ടുള്ള ഒരു ഉത്തരവും പുറപ്പെടുവിക്കണം. (പട്ടിക എ(1) പട്ടിക ബി(1) കാണുക) അത് അന്നുതന്നെ പ്രസിദ്ധീകരിക്കുകയും പകർപ്പ് അന്ന് തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അയച്ചുകൊടുക്കുകയും വേണം. ഉത്തരവിന്റെ മാതൃക ഇതോടൊപ്പം അനുബന്ധം V മുതൽ VII വരെ ആയി ചേർത്തിട്ടു്.

| Ward No. | 2010 | 2015 | 2020 |
|---|---|---|---|
| | | | W |
| | | | |
| | | | |
| | | | |
| | | | W |
| | | | |
| | | | W |
| | | | |
| | | | W |
| | | | W |
| | | | |
| | | | W |
| | | | |
| | | | |
| | | | W |

## ILLUSTRATION-1 ( Odd number )

- LSGI having 15 wards.
- 50% reservation for women (including one for S/C W ) = 8,
- Reservation for S/C=2 (including W),
- S/T =1.
- First of all the General wards of 2015 are to be taken as women-reservation wards. So we get 7 wards for women. But one more W ward is needed.

1



| Ward No. | 2010 | 2015 | 2020 | LOT-1 - Women | W. Reserv-2020 |
|---|---|---|---|---|---|
| | | | W | | W |
| | | | | | |
| | | | | W | W |
| | | | | | |
| | | | W | | W |
| | | | | | |
| | | | W | | W |
| | | | | | |
| | | | W | | W |
| | | | W | | W |
| | | | | | |
| | | | W | | W |
| | | W | | xxxx | |
| | | | | | |
| | | | W | | W |

## Lot No.1. Women.

We need one more ward for women.

- So lot has to be drawn incorporating all the women reservation wards of 2015.
- To avoid re-repetition of the same ward for women reservation, the ward in which 'women' repeats in 2015 should be exempted from the lot.(ie. ward-13)
- Here we got the lot -ward-No.3
- This will be added to the already set apart 7 **W** wards.

2

## Illustration-1 Contd.

| Ward No. | 2010 | 2015 | 2020 | LOT-1 W | W.-2020 | Lot-2. S/C-W |
|---|---|---|---|---|---|---|
| | | | W | | W | XXXXXXX |
| | | | | | | |
| | | | | W | W | |
| | | | | | | |
| | | | W | | W | |
| | | | | | | XXXXXXX |
| | | | W | | W | |
| | | | | | | XXXXXXX |
| | | | W | | W | XXXXXXXX |
| | | | W | | W | W s/c |
| | | | | | | |
| | | | W | | W | |
| | | W | | XXXX | | |
| | | | | | | |
| | | | W | | W | |

- **Lot-2. S/C-W.** From among the 8 W wards, one has to be reserved for W S/C.
- Lot has to be prepared excluding ward nos.1,6,8 & 9 being the S/C reservation wards of 2010 & 2015 to avoid repetition of same kind of reservation.
- S/T ward need not be exempted in reckoning S/c wards.
- After lot ,**ward no. 10 becomes W S/C.**

3



| Ward No. | 2010 | 2015 | W.-2020 | Lot-2. S/C-W | Lot -3 S/C |
|---|---|---|---|---|---|
| | | | W | XXXXXX | XXXXXXX |
| | | | | | S/C |
| | | W | W | | |
| | | | | | S/C |
| | | | W | | |
| | | | | XXXXXXX | XXXXXX |
| | | | W | | |
| | | | | XXXXX | XXXXXX |
| | | | W | XXXXXXX | XXXXXX |
| | | | W | W s/c | |
| | | | | | S/C |
| | | | W | | |
| | | W | XXX | | S/C |
| | | | | | S/C |
| | | | W | | |

**Lot-3. S/C**

- one ward has to be reserved for S/C.
- Lot has to be prepared excluding ward nos.1,3,5,7,9,10,12 &15 being the W reservation wards of 2020 already earmarked. Ward nos.1, 6,8 & 9 are also to be avoided for repetition of same kind of reservation.(1& 9 already exempted for W)
- S/T ward need not be exempted in reckoning S/c .(but here already reserved for W)
- After lot, **ward no.13 becomes S/C reservation.**

4

| Ward No. | 2010 | 2015 | W.- 2020 | Lot-2. S/C-W | Lot -3 S/C | Lot-4 S/T |
|---|---|---|---|---|---|---|
| | | | W | xxxxxx | xxxxx | |
| | | | | | S/C | |
| | | | W | | | |
| | | | | | S/C | |
| | | | W | | | |
| | | | | xxxxxxx | xxxxx | S/T |
| | | | W | | | |
| | | | | | xxxxx | |
| | | | W | xxxxxxx | xxxxx | |
| | | | W | W s/c | | |
| | | | | | S/C | xxxxx |
| | | | W | | | |
| | | W | xxx | | S/C | |
| | | | | | S/C | |
| | | | W | | | xxxxx |

## Lot- 4. S/T

- one ward has to be reserved for S/T.
- Lot has to be prepared excluding ward nos.1,3,5,7,9,10,12 &15 being the W reservation wards of 2020 already earmarked. Ward no.11& 15 are to be avoided for repetition of same kind of reservation.( here 15 already exempted, since set apart for W)
- After lot, **ward no.6 becomes S/T reservation**.
- It is to be noted that ward no.6 in 2015 was reserved for S/C W. Since the reservation for S/c and S/T are considered seperately, the question of repetition of same kind of reservation does not arise.

5



# ILLUSTRATION-1 ( Odd number- status after Lot)

| Ward No. | 2010 | 2015 | 2020 | LOT-1 - Women | Lot-2 S/C-W | Lot -3 S/C | Lot-4 S/T | Status After lots |
|---|---|---|---|---|---|---|---|---|
| | | | W | | xxxxxxx | xxxxxxxx | | |
| | | | | | | S/C | | |
| | | | | W | | | | |
| | | | | | | S/C | | |
| | | | W | | | | | |
| | | | | | xxxxxxx | xxxxxx | S/T | S/T |
| | | | W | | | | | |
| | | | | | | xxxxxxx | | |
| | | | W | | xxxxxxxx | xxxxxx | | |
| | | | W | | W s/c | | | W s/c |
| | | | | | | S/C | xxxxxxx | |
| | | | W | | | | | |
| | | W | | xxxx | | S/C | | S/C |
| | | | | | | S/C | | |
| | | | W | | | | xxxxxx | W6 |

# ILLUSTRATION-2 Even number

| Ward No. | 2010 | 2015 | 2020 | LOT S/C -W | LOT –S/C |
|---|---|---|---|---|---|
| 1 | **S/C-W** | G | W | XXXXXXX | XXXXXX |
| 2 | G | W | | | S/C |
| 3 | G | W | | | S/C |
| 4 | **S/C** | W | | | XXXXXX |
| 5 | W | G | W | W s/c | |
| 6 | G | **S/C-W** | | XXXXXX | XXXXXXX |
| 7 | W | G | W | W s/c | |
| 8 | G | W | | | S/C |
| 9 | W | **S/C** | W | XXXXXX | XXXXXXX |
| 10 | W | G | W | **W s/c** | XXXXXX |
| 11 | G | W | | | S/C |
| 12 | W | G | W | W s/c | |
| 13 | G | W | | | **S/C** |
| 14 | W | G | W | W s/c | |

7



# ILLUSTRATION-3( All categories )

| Ward No. | 2010 | 2015 | 1st step 2020 | LOT-1 - W | Lot-2 S/C-W | Lot-3 S/T-W | Lot -4 S/C | Lot-5 S/T | Status after lot |
|---|---|---|---|---|---|---|---|---|---|
| 1 | **S/C-W** | G | W | | XXXXXX | W S/T | XXXXX | | W |
| 2 | G | W | | W | | | S/C | S/T | G |
| 3 | G | W | | W | W S/C | W S/T | | | W |
| 4 | W | *W* | | XXX | | | S/C | S/T | G |
| 5 | W | G | W | | W s/c | W S/T | | | W S/T |
| 6 | G | **S/C-W** | | W | XXXXX | | XXXXX | S/T | S/T |
| 7 | **W** | G | W | | W S/C | W S/T | | | W |
| 8 | **S/C** | W | | W | | | XXXXX | S/T | G |
| 9 | W | **S/C** | W | | XXXXX | W S/T | XXXXX | | W |
| 10 | W | G | W | | W S/C | W S/T | | | W |
| 11 | **S/T** | W | | W | | XXXXXX | S/C | XXXXX | G |
| 12 | G | **S/T-W** | | W | | XXXXXX | | XXXXX | G |
| 13 | **S/T-W** | G | W | | W S/C | XXXXX | | XXXXX | W S/C |
| 14 | G | W | | W | | | S/C | | S/C |
| 15 | W | **S/T** | W | | W S/C | XXXXXX | | XXXXX | W |

8

# അനുബന്ധം I

## നിലവിലുള്ള സംവരണവിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫോറം

(ഡിലിമിറ്റേഷൻ ബാധകമായിട്ടില്ലാത്ത തദ്ദേശസ്ഥാപനങ്ങളുടെ കാര്യത്തിൽ)

ജില്ല ..................................................................................................................................

*ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത്/ മുനിസിപ്പൽ കൗൺസിൽ/ മുനിസിപ്പൽ കോർപ്പറേഷൻ അംഗസംഖ്യ:

| ക്രമ നമ്പർ | തദ്ദേശ സ്ഥാപനത്തിലെ നിലവിലുള്ള നിയോജക മണ്ഡലത്തിന്റെ/ വാർഡിന്റെ നമ്പരും പേരും | ഓരോ നിയോജകമണ്ഡലവും നിലവിൽ ഏത് വിഭാഗത്തിനാണ് സംവരണം ചെയ്തിട്ടുള്ളത് എന്ന്** | | 2015-ൽ 50% സ്ത്രീ സംവരണം നൽകുന്നതിനുവേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ നിയോജകമണ്ഡലം *** |
|---|---|---|---|---|
| (1) | (2) | (3) | | (4)# |
| | | (a) 2010 | (b) 2015 | |
| | | | | |

* ബാധകമല്ലാത്തത് വെട്ടിക്കളയുക

**സ്ത്രീ, പട്ടികജാതി സ്ത്രീ, പട്ടികവർഗ്ഗ സ്ത്രീ, പട്ടികജാതി, പട്ടിക വർഗ്ഗ ഇവയിലേത് സംവരണമെന്ന് വ്യക്തമാക്കുക.

*** ആകെ സ്ഥാനങ്ങളുടെ എണ്ണം ഒറ്റനമ്പർ വരുന്ന തദ്ദേശസ്ഥാപനങ്ങൾ മാത്രം പൂരിപ്പിക്കുക

# 2010,2015 വർഷങ്ങളിൽ ആവർത്തിച്ചുവരുന്ന സ്ത്രീ സംവരണ വാർഡ് ഏതെന്നു കണ്ടെത്തി കോളം 4 പൂരിപ്പിക്കുക.

തീയതി :

(ഒപ്പ്)

സെക്രട്ടറി



# അനുബന്ധം – II

## ഡീലിമിറ്റേഷൻ ബാധകമായിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ നിലവിലുള്ള സംവരണവിവരം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള ഫാറം

ജില്ലയുടെ പേര് : ..........................................................................................................................

ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ മുനിസിപ്പൽ കോർപ്പറേഷൻ*..............................

അംഗസംഖ്യ :

| പുതുതായി രൂപീകരിച്ച മുഴുവൻ നിയോജകമണ്ഡലങ്ങളുടെയും നമ്പരും പേരും ക്രമത്തിൽ | നിലവിലുള്ള സംവരണ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും | നിലവിലുള്ള സംവരണ നിയോജകമണ്ഡലം ഏത് വിഭാഗത്തിനാണ് സംവരണം ചെയ്തിട്ടുള്ളത്** | നിലവിലുള്ള സംവരണ നിയോജകമണ്ഡലങ്ങളിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ | പ്രസ്തുത സംവരണ നിയോജകമണ്ഡലത്തിലെ തിട്ടപ്പെടുത്തിയ ജനസംഖ്യ ഉൾക്കൊള്ളുന്ന പുതിയ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും ജനസംഖ്യയും | | കോളം(6) പ്രകാരം 50% ൽ കൂടുതൽ ജനസംഖ്യ ഉൾക്കൊള്ളുന്ന കോളം (5) ലെ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും **(ഇവയെയാണ് നിലവിലുള്ള സംവരണ നിയോജകമണ്ഡലങ്ങളായികണക്കാക്കപ്പെടുന്നത്) | 2010-ലെ വാർഡുകളിലെ സംവരണ വിവരം*** | 2015-ൽ 50% സ്ത്രീ സംവരണം നൽകുന്നതിനു വേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ മണ്ഡലം. *** |
|---|---|---|---|---|---|---|---|---|
| | | | | പുതിയ നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും | ഓരോ നിയോജകമണ്ഡലത്തിലേയും ജനസംഖ്യാ ശതമാനം | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| | | | | | | | | |

*ബാധകമല്ലാത്തത് വെട്ടിക്കളയുക,

**സ്ത്രീ സംവരണം, പട്ടികജാതി സ്ത്രീ സംവരണം, പട്ടിക വർഗ്ഗ സ്ത്രീ സംവരണം, പട്ടികജാതി സംവരണം, പട്ടിക വർഗ്ഗ സംവരണം ഇവയിലേതെന്ന് വ്യക്തമാക്കുക.

***ആകെ സ്ഥാനങ്ങളുടെ എണ്ണം ഒറ്റ സംഖ്യവരുന്ന തദ്ദേശസ്ഥാപനങ്ങൾ മാത്രം പൂരിപ്പിക്കുക.

തീയതി

(ഒപ്പ്)

സെക്രട്ടറി

## അനുബന്ധം -III

## സ്ഥാനങ്ങളുടെ എണ്ണം മാറ്റമില്ലാതെ തുടരുന്ന തദ്ദേശസ്ഥാപനത്തിൽ പുതുതായി സംവരണ മണ്ഡലങ്ങൾ നിശ്ചയിക്കുന്നവിധം (പട്ടിക എ കാണുക)

തദ്ദേശസ്ഥാപനത്തിന്റെ പേര് : ജില്ല :

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | 2010 ലെ സംവരണ വിവരം | 2015 ലെ സംവരണ വിവരം | 2020 ലെ തിരഞ്ഞെടുപ്പിൽ സംവരണത്തിൽ നിന്നും ആദ്യം ഒഴിവാക്കേണ്ട മണ്ഡലങ്ങൾ * | 2020 ലെ തിരഞ്ഞെടുപ്പിൽ 50% സ്ത്രീ സംവരണത്തിന് ആദ്യം കണ്ടെത്തിയ നിയോജകമണ്ഡലങ്ങൾ ** | (ബാധകമായിടത്തുമാത്രം) കോളം 5 പ്രകാരം 50% സ്ത്രീ സംവരണം** നൽകുന്നതിന് അധികമായി കണ്ടെത്തിയ 1 നിയോജകമണ്ഡലം (കോളം 4 (എ) യിൽനിന്ന് 4ബി ഒഴിവാക്കിയ ശേഷമുള്ള നറുക്കെടുപ്പ്) *** | പട്ടികജാതി സ്ത്രീ സംവരണം -1 എണ്ണം ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്ന് കോളം 4(സി) ഒഴിവാക്കിയതിനുശേഷം മുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സ്ത്രീ സംവരണം -0 എണ്ണം ഇത് കണ്ടെത്തുന്നതിന് കോളം 5+6 ൽ നിന്നും കോളം 4(ഡി) ഒഴിവാക്കിയതിനുശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികജാതി സംവരണം -1 എണ്ണം ഇത് കണ്ടെത്തുന്നതിന് കോളം 4എ) യിൽ നിന്നും കോളം 4സി)+6 ഒഴിവാക്കിയതിനുശേഷമുള്ള വയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സംവരണം -1 എണ്ണം ഇത് കണ്ടെത്തുന്നതിന് കോളം 4എ)യിൽ നിന്നും കോളം 4ഡി)+6+9 ഒഴിവാക്കിയതിനു ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| 1 | | | (എ) സ്ത്രീ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(ബി) 2015-ൽ 50% സ്ത്രീസംവരണം നൽകുന്നതിനുവേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ മണ്ഡലമായതിനാൽ ഒഴിവാക്കേണ്ടവ***( അനുബന്ധം I കോളം 4).<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ | | | | | | |
| 2 | | | | | | | | | |
| 3 | | | | | | | | | |
| 4 | | | | | | | | | |
| 5 | | | | | | | | | |
| 6 | | | | | | | | | |
| 7 | | | | | | | | | |
| 8 | | | | | | | | | |
| 9 | | | | | | | | | |
| 10 | | | | | | | | | |
| 11 | | | | | | | | | |
| 12 | | | | | | | | | |

**NB**. ഓരോ നറുക്കെടുപ്പിന് ശേഷവും അതാത് സംഗതിപോലെകോളം (4) ലേയും (5) ലേയും നറുക്കെടുക്കപ്പെട്ട നമ്പറുകൾ വെട്ടിക്കളയുക.

*2015 ലെ സ്ത്രീസംവരണ മണ്ഡലങ്ങളും 2010, 2015 എന്നീ വർഷങ്ങളിലെ SC/ST സംവരണ മണ്ഡലങ്ങളും

**2015 ൽ സ്ത്രീസംവരണമണ്ഡലങ്ങൾ അല്ലാതായിരുന്നവ

***ആകെ സ്ഥാനങ്ങളുടെ എണ്ണം ഒറ്റ നമ്പർ വരുന്നിടത്തുമാത്രം ബാധകം



## അനുബന്ധം - IV

## ഡിലിമിറ്റേഷനിലൂടെ നിയോജകമണ്ഡലങ്ങൾ പുനർരൂപീകരിച്ച തദ്ദേശസ്ഥാപനങ്ങളിൽ സംവരണമണ്ഡലങ്ങൾ നിശ്ചയിക്കുന്നവിധം (പട്ടിക-ബി കാണുക)

തദ്ദേശസ്ഥാപനത്തിന്റെ പേര് : ജില്ല :

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് | *2010 ലെ സംവരണ വിവരം | പുനർരൂപീകരിച്ച നിയോജകമണ്ഡലങ്ങളിലെ നിലവിലുള്ള സംവരണ വിവരം.** | ഡിലിമിറ്റേഷനു ശേഷം നിലവിൽ സംവരണ നിയോജകമണ്ഡലമായി കണക്കാക്കി നറുക്കെടുപ്പിൽ നിന്നും ആദ്യം ഒഴിവാക്കപ്പെട്ട പുതിയ നിയോജക മണ്ഡലങ്ങൾ *** | ഡിലിമിറ്റേഷനു ശേഷം പുനർരൂപീകരിച്ച നിയോജകമണ്ഡലങ്ങളുടെ നമ്പരും പേരും | സ്ത്രീ സംവരണ നിയോജകമണ്ഡലങ്ങൾ കോളം 5 ൽ നിന്നും കോളം 4(എ)+4(ബി) ഒഴിവാക്കിയതിനു ശേഷമുള്ളവ | (ബാധകമായിടത്തുമാത്രം) കോളം 6 പ്രകാരം 50% ത്തിൽ കുറയാത്ത സ്ത്രീസംവരണത്തിന് അധികമായി കണ്ടെത്തേണ്ട നിയോജകമണ്ഡലം -1 ഇത് കണ്ടെത്തുന്നതിന് കോളം 4(എ) ൽ നിന്ന് 4(ബി) ഒഴിവാക്കിയ ശേഷമുള്ള നറുക്കെടുപ്പ് | പട്ടികജാതി സ്ത്രീ സംവരണമണ്ഡലം 1 എണ്ണം, ഇത് കണ്ടെത്തുന്നതിന് കോളം 6 +7 ൽ നിന്നും കോളം 4(സി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സ്ത്രീ സംവരണ മണ്ഡലം - ഇല്ല ഇത് കണ്ടെത്തുന്നതിന് കോളം 6+7ൽ നിന്നും കോളം 4(ഡി) ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികജാതി സംവരണ മണ്ഡലം 1 എണ്ണം, ഇത് കണ്ടെത്തുന്നതിന് കോളം 4(എ)ൽ നിന്നും കോളം 4(സി)+7 ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് | പട്ടികവർഗ്ഗ സംവരണ മണ്ഡലം-1 ഇത് കണ്ടെത്തുന്നതിന് കോളം 4(എ)ൽ നിന്നും കോളം 4(ഡി)+7+10 ഒഴിവാക്കിയ ശേഷമുള്ളവയിൽ നിന്നുള്ള നറുക്കെടുപ്പ് |
| | | | (എ) സ്ത്രീ സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(ബി) നിലവിൽ 50% സ്ത്രീ സംവരണം നൽകുന്നതിനുവേണ്ടി നറുക്കെടുപ്പിലൂടെ കണ്ടെത്തിയ മണ്ഡലമായതിനാൽ ഒഴിവാക്കേണ്ടവ<br>(സി) SC സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ<br>(ഡി) ST സംവരണത്തിൽ നിന്നും ഒഴിവാക്കേണ്ടവ | | | | | | | |

**NB**. ഓരോ നറുക്കെടുപ്പിന് ശേഷവും അതാത് സംഗതിപോലെകോളം 4 ലെ യും 6 ലെയും നറുക്കെടുക്കപ്പെട്ട നമ്പറുകൾ വെട്ടിക്കളയുക.

***അനുബന്ധം II കോളം 8 പ്രകാരം**

****അനുബന്ധം II കോളം 7 പ്രകാരം**

***2015 ലെ സ്ത്രീസംവരണമണ്ഡലങ്ങളും 2010, 2015 എന്നീ വർഷങ്ങളിലെ SC/ST സംവരണ മണ്ഡലങ്ങളും

## അനുബന്ധം -V

## ഉത്തരവ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 10(2 എ)-ാം വകുപ്പ് പ്രകാരം വരുന്ന പൊതുതിരഞ്ഞെടുപ്പിനുവേണ്ടി.................................................. ജില്ലയിലെ............................................................................................................ *ജില്ലാ/ബ്ലോക്ക്/ ഗ്രാമപഞ്ചായത്തിലെ സംവരണ നിയോജകമണ്ഡലങ്ങൾ താഴെ പറയുന്ന പ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണമണ്ഡലത്തിന്റെ നമ്പരും പേരും |
|---|---|
| | |

* ബാധകമല്ലാത്തവ വെട്ടിക്കളയുക

ഒപ്പ് : ...............................

പേര് : ...............................

തീയതി :

ജില്ലാ കളക്ടർ : ...............................



## അനുബന്ധം - VI

## ഉത്തരവ്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(9)-ാം വകുപ്പ് പ്രകാരം വരുന്ന പൊതുതിരഞ്ഞെടുപ്പിനുവേണ്ടി...................................മുനിസിപ്പൽ കൗൺസിലിലെ സംവരണ വാർഡുകൾ താഴെ പറയുന്നപ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണവാർഡിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് : ...............................

പേര് : ...............................

നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ : ...............................

## അനുബന്ധം – VII

### <u>ഉത്തരവ്</u>

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 6(9)-ാം വകുപ്പ് പ്രകാരം വരുന്ന പൊതുതിരഞ്ഞെടുപ്പിനുവേണ്ടി....................................................... മുനിസിപ്പൽ കോർപ്പറേഷനിലെ സംവരണ വാർഡുകൾ താഴെ പറയുന്നപ്രകാരം നറുക്കെടുപ്പിലൂടെ നിശ്ചയിച്ച് ഉത്തരവാകുന്നു.

| സംവരണ വിഭാഗം | സംവരണ വാർഡിന്റെ നമ്പരും പേരും |
|---|---|
| | |

ഒപ്പ് : ...............................

പേര് : ...............................

നഗരകാര്യ ഡയറക്ടർ : ...............................

തീയതി :



## അനുബന്ധം – VIII

### ജില്ലാ/ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലെ സംവരണ മണ്ഡലങ്ങൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്

ജില്ല : ...............................................................

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ : ജില്ലാ കളക്ടർ

| ഗ്രാമപഞ്ചായത്ത് | | | | ബ്ലോക്ക്പഞ്ചായത്ത് | | | | ജില്ലാപഞ്ചായത്ത് | | | |
|---|---|---|---|---|---|---|---|---|---|---|---|
| നമ്പരും പേരും | തീയതി | സമയം | സ്ഥലം | നമ്പരും പേരും | തീയതി | സമയം | സ്ഥലം | നമ്പരും പേരും | തീയതി | സമയം | സ്ഥലം |
| | | | | | | | | | | | |

തീയതി :

## അനുബന്ധം – IX

**മുനിസിപ്പാലിറ്റികളിലെ സംവരണ വാർഡുകൾ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്**

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ

റീജിയണൽ ജോയിന്റ് ഡയറക്ടർ : ........................................................................................ മേഖല

**നഗരകാര്യ വകുപ്പ്**

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ നമ്പരും പേരും | തീയതി | സമയം | സ്ഥലം |
|---|---|---|---|---|
| 1. | | | | |

തീയതി :



## അനുബന്ധം– X

**മുനിസിപ്പൽ കോർപ്പറേഷനുകളിലെ സംവരണവാർഡുകൾ നറുക്കെടുപ്പിലൂടെ തീരുമാനിക്കുന്നതിനുള്ള തീയതിയും സമയവും സ്ഥലവും സംബന്ധിച്ച അറിയിപ്പ്**

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ : ഡയറക്ടർ, നഗരകാര്യവകുപ്പ്

| മുനിസിപ്പൽ കോർപ്പറേഷന്റെ നമ്പരും പേരും | തീയതി | സമയം | സ്ഥലം |
|---|---|---|---|
| 1. തിരുവനന്തപുരം | | | |
| 2. കൊല്ലം | | | |
| 3. കൊച്ചി | | | |
| 4. തൃശൂർ | | | |
| 5. കോഴിക്കോട് | | | |
| 6. കണ്ണൂർ | | | |

തീയതി :